8

# പരിശുദ്ധാത്മാവും അന്യഭാഷാ - സംസാരവും

*"അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ രണ്ടു പേരോ ഏറിയാൽ മൂന്നു പേരോ ആകട്ടെ; അവർ ഓരോരുത്തരായി സംസാരിക്കയും ഒരുവൻ വ്യാഖ്യാനിക്കയും ചെയ്യട്ടെ. വ്യാഖ്യാനി ഇല്ലാഞ്ഞാൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ" (1 കൊരിന്ത്യർ 14:27, 28).*

അന്യഭാഷാ-സംസാരം പഴയനിയമത്തിലില്ല, പുതിയനിയമത്തിലുള്ള ഒരു പരിശീലനമാണ്.[1] "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ" (എബ്രായർ 13:8) എന്ന പ്രസ്താവന എടുത്തുകൊണ്ട്, അവൻ എല്ലാ കാലത്തും അതേ അത്ഭുതം പ്രവർത്തിക്കുന്നവനാണെന്ന് പറഞ്ഞാൽ, സൃഷ്ടിയുടെ ആരംഭം മുതൽ ആളുകൾ അന്യഭാഷയിൽ സംസാരിക്കയും ചെയ്തിരിക്കണം. കൂടാതെ, അന്യഭാഷാ-സംസാരം ഉയർന്ന ആത്മിയതയുടെ ലക്ഷണമായി പറഞ്ഞാൽ, യേശുക്രിസ്തു ഒരിക്കലും അന്യഭാഷയിൽ സംസാരിച്ചിട്ടില്ല എന്നത് അസാധാരണമായി തോന്നാം. ദീർഘമായ ബൈബിൾ ചരിത്രത്തിൽ, അന്യഭാഷാ-സംസാരം നടന്നത് പെന്തെകൊസ്തു നാളിൽ അപ്പൊസ്തലന്മാർ ഒരിക്കൽ യെരുശലേമിലും (പ്രവൃത്തികൾ 2:1-11); ഒരിക്കൽ കൈസര്യയിൽ, ജാതികൾക്ക് വാതിൽ തുറന്നുകൊടുത്തപ്പോഴും (പ്രവൃത്തികൾ 10:44-46); ഒരിക്കൽ എഫെസൊസിൽ, പരിവർത്തനം ചെയ്ത പന്ത്രണ്ടുപേരിലും (പ്രവൃത്തികൾ 19:6); കൊരിന്തിൽ കർത്താവിന്റെ സഭയിലെ അംഗങ്ങളിലുമാണ് (1 കൊരിന്ത്യർ 12:10, 28; 13:8; 14:2-28). കൊരിന്ത്യ സഭ ഒഴിച്ച് മറ്റൊരു ഇടവകയിലും അത്തരം പരിശീലനം നടന്നതായി പുതിയ നിയമത്തിൽ പറയുന്നില്ല.

### എന്താണ് അന്യഭാഷാ-സംസാരം?

എബ്രായ വാക്ക് *അയേഷോനാ* എന്ന വാക്ക് മിക്കവാറും തർജിമ ചെയ്തിരിക്കുന്നത് സംസാരിക്കുവാൻ കഴിവുള്ള അവയവമായ "നാവ്" എന്നാണ് (ന്യായാധിപന്മാർ 7:5; 2 ശമുവേൽ 23:2) - അല്ലെങ്കിൽ "ഭാഷ" എന്നാണ് (എസ്ഥേർ 1:22; 3:12; യിരെമ്യാവ് 5:15; യെഹെസ്കേൽ 3:5, 6). എബ്രായ വാക്ക് *അയേഷോനാ* ഗ്രീക്കിൽ തർജിമ ചെയ്തിരിക്കുന്നത് *ഗ്ലോസാ* എന്നാണ് (യെശയ്യാവ് 28:11 ഉം 1 കൊരിന്ത്യർ 14:21 ഉം താരതമ്യം ചെയ്യുക; ഗ്രീക്ക്.: *എറ്റെറോഗ്ലോസോയിസ്*). *ഗ്ലോസാ* എന്ന വാക്കിന്റെ അർത്ഥം, ഒന്നുകിൽ ശരീരത്തിന്റെ അവയവമായ നാവ് (മർക്കൊസ് 7:33, 35)[2], ഒരു ജെറ്റ് പോലെയുള്ള ജ്വാല (പ്രവൃത്തികൾ 2:3), അല്ലെങ്കിൽ ഒരു ഭാഷ (പ്രവൃത്തികൾ 2:4, 11; 10:46; 19:6).

പെന്തെകൊസ്തുനാളിൽ അപ്പൊസ്തലന്മാർ സംസാരിച്ചതാണ് ആദ്യമായി രേഖപ്പെടുത്തിയ അന്യഭാഷാ-സംസാരം. അതു അത്ഭുതകരമായ അന്യ

ഭാഷാ സംസാരമായിരുന്നു. അപ്പൊസ്തലന്മാരെല്ലാവരും ഒരേ ഭാഷയിൽ സംസാരിക്കയും കൂടി വന്നവരുടെ വിവിധ ഭാഷകളിൽ അവർക്ക് മനസിലാകുകയും ചെയ്തു (പ്രവൃത്തികൾ 2:4-11). അപ്പൊസ്തലന്മാർ മറ്റു "അധരങ്ങളിൽ" അല്ലെങ്കിൽ "ഭാഷകളിൽ" സംസാരിച്ചതുകൊണ്ടു വന്നുകൂടിയ പുരുഷാരത്തിന് അവരവരുടെ ഭാഷയിൽ അതു മനസിലായി (പ്രവൃത്തികൾ 2:4). അതു സന്നിഹിതരായിരുന്ന അവിശ്വാസികളായിരുന്ന യെഹൂദന്മാർക്ക് ബോധ്യമാകുന്ന ഒരടയാളമായിരുന്നു (1 കൊരിന്ത്യർ 14:22).

ഇതിനെത്തുടർന്ന് പത്രൊസ് മറ്റു അപ്പൊസ്തലന്മാരോടുകൂടെ നിന്ന് പുരുഷാരത്തോട് സംസാരിച്ചു (പ്രവൃത്തികൾ 2:14). പത്രൊസ് ഒരു ഭാഷയിൽ സംസാരിക്കുകയും വന്നുചേർന്നവർക്ക് വിവിധഭാഷകളിൽ മനസിലായി എന്നല്ല, ഓരോരുത്തനും താന്താന്റെ ഭാഷയിൽ മനസിലാക്കുവാൻ കഴിഞ്ഞു. വിവിധ ദേശങ്ങളിലെ യെഹൂദന്മാരായിരുന്നു അന്ന് അവിടെ വന്ന് ചേർന്നിരുന്നത് (പ്രവൃത്തികൾ 2:5-11), അവർ വ്യത്യസ്തഭാഷകൾ സംസാരിക്കുന്നവരായിരുന്നു; പത്രൊസ് എബ്രായഭാഷയിൽ സംസാരിച്ചത് അവർക്ക് അവരുടെ ഭാഷയിൽ മനസിലായി.

പിന്നീട് മറ്റൊരവസരത്തിൽ, (പ്രവൃത്തികൾ 20:16), പൗലൊസ് യെരുശലേമിലെ ഒരു കൂട്ടം പുരുഷാരത്തോട് ബഹുവിധ ഭാഷാ ജ്ഞാനത്തോടെ സംസാരിക്കയുണ്ടായി (പ്രവൃത്തികൾ 21:27). അവർ എബ്രായ ഭാഷ നിലനിർത്തിയിരുന്നതുകൊണ്ട്, പൗലൊസ് എബ്രായഭാഷയിൽ സംസാരിച്ചത് അവർക്ക് എബ്രായഭാഷയിൽ മനസിലാക്കുവാൻ കഴിഞ്ഞു (പ്രവൃത്തികൾ 21:40).

## അന്യഭാഷാ - സംസാരത്തെക്കുറിച്ച് പൗലൊസ് എന്തു പഠിപ്പിച്ചു?

പൗലൊസിന്റെ ഗ്ലോസായി (ഗ്ലോസായി എന്നതിന്റെ ബഹുവചനം) യെകുറിച്ചുള്ള ഇപ്പോഴത്തെ വിവാദത്തെ സംബന്ധിച്ച്, 1 കൊരിന്ത്യർ 14-ൽ ഉപോയോഗിച്ച ''ഭാഷകൾ'' എന്ന വാക്കിന് നാലു വിധത്തിലുള്ള അർത്ഥങ്ങൾ ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട്: (1) സ്വർഗീയഭാഷകൾ, (2) നിർവ്യതിയുളവാക്കുന്ന ഭാഷയല്ലാത്ത ശബ്ദങ്ങൾ, (3) അധികവും പഠിച്ചവർക്ക് മാത്രം മനസിലാക്കാവുന്ന സങ്കീർണ്ണമായ സംസാരം, (4) സംസാരിക്കുന്ന ആൾക്കു മനസിലാകുകയോ മനസിലാകാതിരിക്കുകയോ ചെയ്യുന്ന മാനുഷിക ഭാഷ.നാലാമത്തെ അർത്ഥം മാത്രമെ ശരിയായിരിക്കുവാൻ സാധ്യതയുള്ളു.

യെരുശലേമിൽ പെന്തെകൊസ്തുപെരുന്നാൾ ആഘോഷിക്കുവാൻ പല ദേശങ്ങളിൽ നിന്ന് വന്നു ചേർന്നവരുടെ പ്രാദേശികഭാഷകളിലായിരുന്നു പ്രവൃത്തികൾ 2:4, 11 ലെ അന്യഭാഷ. അന്ന്, വിദേശഭാഷകളൊന്നും പഠിച്ചിട്ടില്ലാത്ത അപ്പൊസ്തലന്മാർക്ക്, വിവിധ ദേശങ്ങളെ പ്രതിനിധീകരിച്ച് വന്നവരുടെ ഭാഷകളിൽ അവർക്ക് മനസിലാകുന്ന വിധത്തിൽ സംസാരിക്കുവാൻ കഴിഞ്ഞു. അവർ സംസാരിച്ചത് ഗ്ലോസായിയിലായിരുന്നു ("ഭാഷകൾ"; പ്രവൃത്തികൾ 2:11), അതിനെ ഡയാലെക്റ്റോസ് എന്നും വിളിച്ചിരുന്നു (അക്ഷരികമായി ''ഡയലെക്ട്'' തർജിമ ചെയ്തിരിക്കുന്നത് ''ഭാഷ'' [പ്രവൃത്തികൾ 1:19; 2:6, 8] "ഡയലെക്ട്" [പ്രവൃത്തികൾ 21:40; 22:2; 26:14]). അറിയപ്പെടുന്ന ഭാഷകൾക്ക് മാത്രമെ പുതിയനിയമത്തിൽ ആ വാക്കുകൾ ഉപയോഗിച്ചിട്ടുള്ളു.

വിവിധ ഭാഷകളെ തരംതിരിച്ച് പറയുന്നതിന് ഗ്ലോസിയാ എന്ന വാക്ക് വെളിപ്പാടു പുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട് (5:9; 7:9; 10:11; 11:9; 13:7; 14:6; 17:15). ആ വാക്ക് സ്വർഗീയ ഭാഷകളുള്ളതായോ, നിർവൃതി ഭാഷയെയോ, പ്രാർത്ഥനാ ഭാഷയേയോ സൂചിപ്പിക്കുന്നില്ല.

1 കൊരിന്ത്യർ 14-ൽ പൗലൊസ് സ്വർഗീയ ഭാഷകളോ, നിർവൃതി ഭാഷകളോ (വികാരവും-ആവേശവും നൽകുന്ന ഭാഷ-അല്ലാത്ത ശബ്ദങ്ങൾ ആളുകളിൽനിന്ന് പുറപ്പെടുന്നത്), അല്ലെങ്കിൽ സങ്കീർണ്ണമായ സംസാരമോ ആയിട്ടാണ് പറഞ്ഞതെങ്കിൽ, പൗലൊസ് ബൈബിളിൽ മറ്റെങ്ങും ഉപയോഗിച്ചിട്ടില്ലാത്ത നിർവ്വചനമായിരിക്കും കൊടുത്തിരിക്കുക. അറിയപ്പെടുന്ന ഭാഷകളെ ഉദ്ദേശിച്ചാണ് പൗലൊസ് ഗ്ലോസായി എന്ന വാക്ക് ഉപയോഗിച്ചതെന്ന് തെളിയിക്കുന്നതാണ് താഴെ പറയുന്ന വസ്തുതകൾ:

1. 'ഭാഷകൾ" പരിശുദ്ധാത്മാവിന്റെ വരമായിട്ടാണ് പൗലൊസ് പഠിപ്പിച്ചത് (1 കൊരിന്ത്യർ 12:10). അത് ദൈവം സഭയിലാണ് വെച്ചിരിക്കുന്നത് (1 കൊരിന്ത്യർ 12:10, 11, 28).

2. ഉപദേശിക്കുന്നതിനുവേണ്ടിയായിരുന്നു അന്യഭാഷ ഉപയോഗിച്ചിരുന്നത് (1 കൊരിന്ത്യർ 14:6).

3. അന്യ-ഭാഷ അവിശ്വാസിക്ക് ഒരു അടയാളമായിരുന്നു (1 കൊരിന്ത്യർ 14:22). അവിശ്വാസിക്ക് മനസിലാക്കുവാൻ കഴിയുന്നില്ലെങ്കിൽ അന്യ-ഭാഷ ദൈവശക്തിയാലുള്ള അടയാളമാണെന്ന് തിരിച്ചറിയുവാൻ കഴിയുകയില്ല.

4. സംസാരിച്ചവന് ആത്മിക വർദ്ധനവിനു വേണ്ടിയായിരുന്നു അന്യ - ഭാഷ (1 കൊരിന്ത്യർ 14:4) അല്ലെങ്കിൽ, വ്യാഖ്യാനിച്ചാൽ, അത് സഭയുടെ ആത്മിയവർദ്ധനവിനുമായിരുന്നു (1 കൊരിന്ത്യർ 14:5). സഭയിൽ സ്വയ-ആത്മിയവർദ്ധനക്കായി അന്യഭാഷയിൽ സംസാരിക്കുന്നതിനെ വാക്യം 4-ൽ പൗലൊസ് വിലക്കുന്നുണ്ട്. നേരെ മറിച്ച്, വ്യാഖ്യാനി ഇല്ലെങ്കിൽ അത് സംസാരിക്കുന്നവന് മാത്രമെ പ്രയോജനപ്പെടുന്നുള്ളു എന്നാണ് പറഞ്ഞത്. പിന്നീട്, വ്യാഖ്യാനി ഇല്ലെങ്കിൽ ആരും സംസാരിക്കരുതെന്ന് അവൻ പറഞ്ഞു (1 കൊരിന്ത്യർ 14:28), മനസിലാകാതിരുന്നാൽ അത് സഭക്ക് ആത്മിയവർദ്ധന വരുത്താത്തതുകൊണ്ടാണ് (1 കൊരിന്ത്യർ 14:5).

പൗലൊസ് പറയുന്നതനുസരിച്ച്, സഭയിൽ നടക്കുന്നതെല്ലാം വ്യക്തിയുടെ വർദ്ധനവിനല്ല, മറിച്ച് സഭയുടെ ആത്മിയവർദ്ധനവിനായിരിക്കണം (1 കൊരിന്ത്യർ 14:5, 12, 26). അന്യഭാഷ മനസിലാകാത്ത നിർവൃതി നൽകുന്ന ഒന്നാണെങ്കിൽ, അത് വ്യാഖ്യാനിക്കുവാൻ കഴിയുകയില്ല, അതുകൊണ്ട് സഭയുടെ ആത്മിയവർദ്ധനവിന് ഉതകുകയില്ല.

5. കൊരിന്തിലെ അന്യഭാഷാ-സംസാരവുമായുള്ള ബന്ധത്തിൽ പൗലൊസ് യെശയ്യാവ് 28:11 ഉദ്ധരിക്കയുണ്ടായി (1 കൊരിന്ത്യർ 14:21), അതു വിദേശ ഭാഷയായിരുന്നു. ആ "ഭാഷകൾ" നിർവൃതി നൽകുന്നതോ, ദൂതന്മാരുടെ ഭാഷകളോ ആയിരുന്നില്ല.

6. *ഹെർമെനെയെസ്* എന്ന ഗ്രീക്ക് - അതിന്റെ സമാനഗുണങ്ങളുള്ളതിന്റെ രൂപത്തിൽ, മുമ്പെ നിറുത്തിയിരിക്കുന്നതടക്കം[3] - അർത്ഥമാക്കുന്നത് "വ്യാഖ്യാനിക്കുക," "വ്യാഖ്യാനം." അല്ലെങ്കിൽ "വ്യാഖ്യാനി" എന്നാണ്. വാസ്തവത്തിലുള്ള ഭാഷയിലെ അറിയപ്പെടുന്ന വാക്കുകളെയാണ് അതു സൂചിപ്പിക്കുന്നത്. ആ നിയമത്തിനുള്ള ഏക ഒഴികഴിവ് ലൂക്കൊസ് 24:27 ആണ്, അവിടെ കേൾവിക്കാർക്ക് അന്തർലീനമായിരിക്കുന്നത് "വിശദമാ

ക്കുക" എന്നാണ് അർത്ഥം. അതുകൊണ്ട് 1 കൊരിന്ത്യർ 14 ലെ ഭാഷകൾ വ്യാഖ്യാനിക്കാവുന്ന "ഭാഷ" തന്നെ എന്ന് അന്തർലീനമാക്കിയിരിക്കുന്നു.

ആത്മാവിന്റെ സഹായത്താൽ എല്ലാ വ്യാഖ്യാനികൾക്കും അതിനുള്ള കഴിവു ലഭിച്ചുവെന്നോ അല്ലെങ്കിൽ അവർ പഠിച്ച ഭാഷകളിൽ ആശ്രയിക്കണമെന്നോ പുതിയനിയമത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. വ്യാഖ്യാനിക്കുവാനുള്ള കഴിവ് തുടർന്നു, പക്ഷെ വ്യാഖ്യാനത്തിനുള്ള മാദ്ധ്യമം എല്ലായ്പോഴും നൽകിയിരുന്നില്ല (1 കൊരിന്ത്യർ 14:27, 28). ഇതു വ്യക്തമാക്കുന്നത് ഒരാൾക്ക് ഭാഷ പഠിച്ചുകഴിഞ്ഞാൽ വ്യാഖ്യാനിക്കുവാൻ കഴിയുമെന്നും അല്ലെങ്കിൽ പരിശുദ്ധാത്മാവിന്റെ സഹായത്താൽ വ്യാഖ്യാനിക്കുവാൻ പ്രാപ്തമാക്കിയിരുന്നു എന്നുമാണ് (1 കൊരിന്ത്യർ 12:10, 11). ഒരാൾ പഠിച്ച ഭാഷ വ്യാഖ്യാനിക്കുവാൻ കഴിയുന്നു എന്നതു തെളിയിക്കുന്നത് ഭാഷകൾ അറിയപ്പെടുന്ന ഒന്നാണെന്നത്രെ.

വിദേശത്തെ ഒരു മിഷ്ണറിയെ ബാധിക്കുന്നതാണ് ആ വേദഭാഗത്തിലെ നിരോധന ഉത്തരവ്. സദസിൽ ആരും അയാളുടെ ഭാഷ തർജിമ ചെയ്യുവാനില്ലെങ്കിൽ അയാൾ മിണ്ടാതിരിക്കുകയാണ് വേണ്ടത്. അയാൾ സംസാരിക്കുന്നതു കേൾക്കുന്നവർക്ക് മനസിലായില്ലെങ്കിൽ പ്രയോജനം ചെയ്യുകയില്ല.

തർജിമ ചെയ്യുവാൻ സംസാരിക്കുന്നതിന് അർത്ഥമുണ്ടായിരിക്കണം. അർത്ഥമില്ലാത്ത നിർവൃതി ജനിപ്പിക്കുന്ന ശബ്ദം വ്യാഖ്യാനിക്കുവാൻ സാധ്യമല്ല. കൊരിന്ത്യാസഭയിലെ ഭാഷ വ്യാഖ്യാനിക്കുവാൻ കഴിയുന്നതും (1 കൊരിന്ത്യർ 14:5, 13, 27) അന്യ-ഭാഷ എന്നതു വാസ്തവത്തിലുള്ളതുമായിരുന്നു.

## അന്യ - ഭാഷയുടെ ഉദ്ദേശമെന്തായിരുന്നു?

1 കൊരിന്ത്യർ 14:2 ലെ "ഭാഷകൾ" മനസിലാക്കുവാൻ കഴിയാത്ത ദൂതന്മാരുടെ ഭാഷയോ അല്ലെങ്കിൽ പ്രാർത്ഥനാ ഭാഷയോ ആയിരിക്കുമെന്നാണ് ചിലർ വിശ്വസിക്കുന്നത്. അത്തരം തീർപ്പ് അദ്ധ്യായം 14 ന്റെ ശേഷിച്ച ഭാഗത്തെ പൗലൊസിന്റെ പ്രസ്താവനകളെ വൈപരീത്യമുള്ളതാക്കും. ആ വാക്യത്തെ കുറിച്ചുള്ള ഫ്രെഡ് ഫിഷേഴ്സിന്റെ നിരീക്ഷണം ശരിയാണ്: "ഇതിനർത്ഥം ആർക്കും അവനെ മനസിലായില്ല എന്നല്ല, അവിടെ *സന്നിഹിതരായവർക്ക് ആർക്കും* അവനെ മനസിലായില്ല എന്നാണ് അർത്ഥം."[4] (എംഫസിസ് മൈൻ.)

1 കൊരിന്ത്യർ 14-ൽ അന്യ - ഭാഷയെ കുറിച്ച് പൗലൊസ് താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ സൂചിപ്പിക്കുന്നത് ഈ വരം ആശയവിനിമയം ചെയ്യുന്നതിനു വേണ്ടിയായിരുന്നു എന്നാണ്:

1. സഭയുടെ ആത്മിയവർദ്ധനവിന് അന്യ - ഭാഷ വ്യാഖ്യാനിക്കണം (വാ.5). ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ, അന്യ-ഭാഷക്കാരന് നല്കിയ വിവരങ്ങളനുസരിച്ച് അയാൾ അർത്ഥശൂന്യമായ ശബ്ദങ്ങൾ പുറപ്പെടുവിക്കുവാനോ, വ്യക്തിപരമായ വർദ്ധനവിനോ അല്ല അത് ഉപയോഗിക്കേണ്ടത്, മറിച്ച് സഭയുടെ അഭ്യുന്നതതിക്കുവേണ്ടിയായിരിക്കണം. അതു ഇടവകക്ക് വ്യാഖ്യാനിച്ചുകൊടുക്കുന്നില്ലെങ്കിൽ, ആത്മിയവർദ്ധന വരുത്തുന്നതു സംസാരിക്കുന്ന വ്യക്തിക്കായിരിക്കും (അയാൾക്ക് ആ ഭാഷ മനസിലാകുന്നു എങ്കിൽ). അന്യഭാഷക്കാരൻ വ്യാഖ്യാനവരത്തിനായി പ്രാർത്ഥിക്കയും അതു ലഭിച്ചാൽ ഇടവകക്ക് ആത്മിയ വർദ്ധനവരുത്തുകയും ചെയ്യും (വാ.5, 12, 13).

2. അന്യ-ഭാഷ പ്രയോജനപ്പെടേണ്ടിയിരുന്നു, പൗലൊസ് ചോദിക്കുന്നു, "ഞാൻ വെളിപ്പാടായിട്ടോ, ജ്ഞാനമായിട്ടോ, പ്രവചനമായിട്ടോ, ഉപദേശമായിട്ടോ സംസാരിക്കാതെ അന്യ ഭാഷയിൽ സംസാരിച്ചാൽ എന്തു പ്രയോജനം" (വാ.6). ഈ സാഹചര്യത്തിലെ വെളിപ്പാടും, ജ്ഞാനവും, പ്രവചനവും, ഉപദേശവും ദൈവത്തിന്റെ സന്ദേശമായിരുന്നു (1 കൊരിന്ത്യർ 12:8, 10, 28–30). മനസിലാകുന്ന ഭാഷയിൽ സംസാരിച്ചാൽ മാത്രമെ ആ സന്ദേശം കൊണ്ട് സഭക്ക് പ്രയോജനം ഉണ്ടാകയുള്ളു. പ്രാർത്ഥനാ ഭാഷയെ കുറിച്ചോ ദൂതന്മാരുടെ ഭാഷയെ കുറിച്ചോ പൗലൊസ് ഒന്നും സൂചിപ്പിച്ചിട്ടില്ല.

3. യെഹൂദന്മാരെ ആരാധനക്കും യുദ്ധത്തിനും വിവിധ സംഗീതോപകരണങ്ങളുടെ ശബ്ദം കേൾപ്പിച്ചിരുന്നതുപോലെ, ഭാഷകളും കേൾക്കുന്നവർക്ക് അർത്ഥവത്തായ സന്ദേശം അതിൽ നിന്ന് ലഭിക്കണമായിരുന്നു (വാ.7, 8). അന്യ ഭാഷ സംസാരിക്കുന്ന ആൾ പുറപ്പെടുവിക്കുന്ന ശബ്ദം കേൾക്കുന്നവർക്ക് മനസിലാകണം; അല്ലെങ്കിൽ, എന്താണ് സംസാരിച്ചതെന്ന് ആർക്കും മനസിലാകയില്ല (വാ.9).

4. ലോകത്തിൽ വിവിധ ഭാഷകളുണ്ട് (ഗ്രീക്ക്.: ഫോനോൺ, അർത്ഥം, "ശബ്ദങ്ങൾ"; വാ.10). ഉപയോഗമുള്ള ശബ്ദങ്ങളും ഭാഷകളും അർത്ഥവത്തായ സന്ദേശം അറിയിക്കുന്നതായിരിക്കും. ഭാഷ പരിചയമില്ലെങ്കിൽ, കേൾക്കുന്ന ആൾക്ക് വിദേശിയുടെ ഭാഷ ഒന്നും തിരിയാത്തതുപോലെയിരിക്കും (വാ.11).

5. ഭാഷയുടെ ഉദ്ദേശം ആശയവിനിമയമാണ്, അങ്ങനെ കേൾക്കുന്നവർക്ക് ഹൃദയത്തിൽ ഉൾക്കൊണ്ട് "ആമേൻ" എന്നു പറയുവാൻ കഴിയണം. കേൾവിക്കാർക്ക് പറഞ്ഞതെന്തെന്ന് മനസിലായില്ലെങ്കിൽ അവർക്ക് "ആമേൻ" എന്നു പറയുവാൻ കഴിയുകയില്ല (വാ.16).

ഇഡിയോറ്റെസ് എന്ന വാക്ക് (അതിൽനിന്നാണ് നമുക്ക് ഇംഗ്ലീഷിലെ "ഇഡിയറ്റ് എന്ന വാക്ക് ലഭിച്ചത്) വാക്യം 23 ലും 24 ലും തർജിമ ചെയ്തത് "വരമില്ലാത്ത" എന്നാണ്. പഠിച്ചിട്ടില്ലാത്ത, പ്രാഗത്ഭ്യമില്ലാത്തവൻ എന്നാണ് അർത്ഥം (പ്രവൃത്തികൾ 4:13; 2 കൊരിന്ത്യർ 11:6). പഠിച്ച ഒരാൾക്ക് മനസിലാകുന്നതാണ് ഭാഷ എന്നാണ് സൂചന, എന്നാൽ പഠിച്ചിട്ടില്ലാത്ത ആൾക്ക് ഭാഷ മനസിലാക്കുവാനും സാധ്യമല്ല. ഭാഷകൾ കൈകാര്യം ചെയ്യുവാൻ പഠിച്ചിട്ടുള്ള ആൾക്ക് മനസിലാകുന്നതായിരുന്നു അന്യഭാഷ എന്ന് ഇതിൽനിന്നു നമുക്ക് തീർച്ചയാക്കാം.

6. അവിശ്വാസികൾക്ക് അടയാളമായിരുന്നു അന്യ-ഭാഷ (വാ.22). സംസാരിച്ച ഭാഷകൾ ദൈവം നൽകിയ ഭാഷകളായിരുന്നു എന്നു സദസിലെ ചിലർക്കെങ്കിലും തീരുമാനിക്കാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ അത് അടയാളമാകയില്ല. യെഹൂദന്മാർ കേട്ടതു (പല ദേശക്കാരായ യെഹൂദന്മാർ ഒത്തുചേർന്ന പെന്തെകൊസ്തുനാളിൽ കൊടിയ കാറ്റടിക്കുന്നതുപോലെയുള്ള ശബ്ദത്തിൽ അപ്പൊസ്തലന്മാർ അന്യഭാഷയിൽ സംസാരിച്ചത്) യേശു ദൈവത്തിന്റെ വലത്തുഭാഗത്തു സിംഹാസനസ്ഥനായി എന്നു തെളിയിക്കുന്നതായി പത്രൊസ് പറഞ്ഞു (പ്രവൃത്തികൾ 2:4–11, 33). അവിശ്വാസികളായിരുന്ന യെഹൂദന്മാരെ ബോധ്യപ്പെടുത്തുന്ന അടയാളമായിരുന്നു അന്യഭാഷ.

അപ്പൊസ്തലന്മാരുടെ ശബ്ദത്തെ കുറിച്ച് യെഹൂദന്മാർ പറഞ്ഞു, "നമ്മുടെ ഭാഷകളിൽ അവർ സംസാരിക്കുന്നത് കേൾക്കുന്നുവല്ലോ" (പ്രവൃത്തികൾ 2:11). നിർവൃതി നൽകുന്ന ശബ്ദമോ, അമാനുഷ ഭാഷയോ

ആയിരുന്നുവങ്കിൽ ആ പ്രസ്താവന അവർ പറയുമായിരുന്നില്ല. കൂടാതെ, അത്തരം ശബ്ദം ആളുകളെ ഭ്രമിപ്പിക്കയോ ആശ്ചര്യപ്പെടുത്തുകയോ ചെയ്യുകയില്ല (പ്രവൃത്തികൾ 2:7), ആ ഗലീലക്കാർ സംസാരിച്ചത് അവർ പഠിച്ചിട്ടില്ലാത്ത ഭാഷകളായിരുന്നു. ദൈവാണ് അവരിൽകൂടെ സംസാരിച്ചത് എന്ന "അടയാളം" ആയിരുന്നു അപ്പൊസ്തലന്മാരുടെ അന്നത്തെ അന്യഭാഷ.

## അന്യഭാഷ-സംസാരിക്കുന്നതിൽ പ്രാർത്ഥനയും ദൂതന്മാരുടെ ഭാഷയും ഉൾപ്പെട്ടിരുന്നോ?

ഇന്ന് അന്യഭാഷയിൽ സംസാരിക്കുന്നു എന്നവകാശപ്പെടുന്നവർ വിദേശങ്ങളിൽ പോയാൽ അവിടത്തെ ഭാഷയിൽ സംസാരിക്കുന്നതിന് പകരം തർജ്ജിമക്കാരെ ഉപയോഗിക്കയാണ് ചെയ്യുന്നത്. എന്തുകൊണ്ടാണ് അവർ തർജ്ജിമക്കാരെ അവരുടെ വിദേശത്തുള്ള പ്രസംഗത്തിന് ഉപയോഗിക്കുന്നത് എന്ന ചോദ്യത്തിന്ന് അവർ "ഭാഷകൾ" പ്രാർത്ഥനാ ഭാഷകളും ദൂതന്മാരുടെ ഭാഷകളുമാണെന്ന് പറഞ്ഞു നന്ത്രപൂർവ്വം ഒഴിഞ്ഞുമാറും. "അവൻ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ" എന്ന പദപ്രയോഗത്തിലാണ് അവർ ആശ്രയിക്കുന്നത് (1 കൊരിന്ത്യർ 14:28). എങ്ങനെയായാലും, ഈ വേദഭാഗം പലപ്പോഴും ഉദ്ധരിക്കുന്നതിൽ "വ്യാഖ്യാനി ഇല്ലാഞ്ഞാൽ അന്യ-ഭാഷക്കാരൻ സഭയിൽ മിണ്ടാതിരിക്കട്ടെ" എന്നും പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ഇത് സഭായോഗത്തിൽ അപശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതു വിലക്കുന്നതാണ്. ഒരു ശബ്ദവും പുറപ്പെടുവിക്കരുത് എന്നാണ് "മിണ്ടാതിരിക്കട്ട" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് (ലൂക്കൊസ് 9:36; 20:26; പ്രവൃത്തികൾ 12:17; 15:12, 13 ["സംസാരം നിർത്തട്ടെ"]; റോമർ 16:25 ["രഹസ്യം"]; 1 കൊരിന്ത്യർ 14:28, 30, 34).

പറയുന്നത് സാത്താൻ മനസിലാക്കി തടസപ്പെടുത്താതിരിക്കേണ്ട "പ്രാർത്ഥനാ ഭാഷയാണ്" അന്യഭാഷയുടെ ഉദ്ദേശം എന്ന് അന്യഭാഷ സംസാരിക്കുന്ന പലരും അവകാശപ്പെടാറുണ്ട്. ആ ഭാഷ സാത്താൻ മനസിലാക്കുന്നില്ല എന്ന് അവർക്ക് എങ്ങനെ അറിയാം? അത്തരം പ്രസ്താവനക്ക് ദൈവികവെളിപ്പാടില്ല.

വ്യാഖ്യാനിയില്ലെങ്കിൽ അന്യഭാഷക്കാരൻ അറിയപ്പെടാത്ത ഭാഷയിൽ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ എന്ന് ഒന്ന് കൊരിന്ത്യർ 14:28 അർത്ഥമാക്കുന്നില്ല. അയാൾക്ക് മനസിലാകുന്ന ഭാഷയിൽ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ എന്നാണ് സന്ദർഭം വ്യക്തമാക്കുന്നത്. ഭാഷ സംസാരിക്കുന്ന ആൾക്കു മനസിലാക്കുവാനും വ്യാഖ്യാനിക്കുവാനും കഴിയുന്നുവെങ്കിൽ, ഒരു വ്യാഖ്യാനി അവിടെ ഉണ്ട്. ഇടവകയുടെ പ്രയോജനത്തിനായി അയാൾക്ക് അന്യഭാഷയിൽ സംസാരിക്കുവാനും വ്യാഖ്യാനിക്കുവാനും കഴിയും. അയാൾക്ക് വ്യാഖ്യാനിക്കുവാൻ കഴിയുന്നില്ലെങ്കിൽ അയാൾ തന്നോടും ദൈവത്തോടും പറയുന്നത് മനസിലാക്കുന്നില്ല.

അന്യ-ഭാഷയിൽ സംസാരിക്കുന്നു എന്ന് അവകാശപ്പെടുന്ന മിക്ക കൂട്ടരും പറയുന്നത് അവർക്ക് ആത്മ-വരമുള്ള വ്യാഖ്യാതാക്കളുണ്ട് എന്നാണ്. അത് വാസ്തവമാണെങ്കിൽ, അവരിൽ ആരും തന്നോടും ദൈവത്തോടും അന്യഭാഷയിൽ പ്രാർത്ഥിക്കയില്ല. അവരുടെ തന്നെ വിവേചനപ്രകാരം, വ്യാഖ്യനി ഉണ്ടെങ്കിൽ മാത്രം സംഭവിക്കുന്നതാണ്.

1 കൊരിന്ത്യർ 13:1-3 ൽ പൗലൊസ് ഉപയോഗിച്ച സാങ്കല്പികപ്രസ്താവനകൾ ഊന്നി പറയുന്നത് സ്നേഹമില്ലെങ്കിൽ ആ വരങ്ങളെല്ലാം ഒന്നുമല്ല എന്നാണ്. കൊരിന്തിലുള്ള എല്ലാവരേക്കാളുമധികം അന്യഭാഷയിൽ സംസാരിച്ചാലും (1 കൊരിന്ത്യർ 14:18), അവൻ ദൂതന്മാരുടെ ഭാഷയിൽ സംസാരിച്ചു എന്നോ, എല്ലാ മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചു എന്നോ, മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ട് എന്നോ, തനിക്ക് ഉള്ളതൊക്കെ അന്നദാനം നടത്തി എന്നോ, പറഞ്ഞില്ല. അതുപോലെ, അന്യഭാഷയിൽ പ്രാർത്ഥിക്കമ്പോൾ മനസിലാക്കാതെ ആത്മാവിൽ പ്രാർത്ഥിച്ചു എന്നു പറഞ്ഞില്ല. നേരെ മറിച്ച്, അവൻ ആത്മാവ് കൊണ്ടും ബുദ്ധികൊണ്ടും പ്രാർത്ഥിക്കും എന്നാണ് പറഞ്ഞത് (1 കൊരിന്ത്യർ 14:15; കെജെവി). മറ്റുള്ളവർക്ക് മനസിലാക്കുവാൻ കഴിയാത്ത അന്യഭാഷയിൽ പതിനായിരം വാക്ക് സംസാരിക്കുന്നതിനേക്കാൾ ബുദ്ധികൊണ്ട് അഞ്ചുവാക്ക് പറയുവാൻ താൻ ആഗ്രഹിക്കുന്നു എന്നാണ് പൗലൊസ് പറഞ്ഞത് (1 കൊരിന്ത്യർ 14:19).

## അന്യ-ഭാഷയിൽ വിദേശ ഭാഷ ഉൾപ്പെടുമോ?

1 കൊരിന്ത്യർ 12 ലെയും 14 ലെയും അന്യഭാഷ പ്രാർത്ഥനയും സ്വർഗീയ ഭാഷയുമാണെന്ന് തീർച്ചപ്പെടുത്തുവാൻ, അന്യഭാഷ-സംസാരിക്കുന്ന ആൾ കേൾക്കുന്നവർക്ക് മനലസിലാകുന്ന വിധത്തിൽ വേണം സംസാരിക്കുവാൻ എന്നതിന് പരിഹാരം കാണുന്നില്ലല്ലൊ. അപ്പൊസ്തലന്മാർ പെന്തെകൊസ്തു നാളിൽ ആ വിധത്തിലായിരുന്നു സംസാരിച്ചത് (പ്രവൃത്തികൾ 2:4-11). അപ്പൊസ്തലന്മാർ സംസാരിച്ചതുപോലെ സംസാരിക്കുവാൻ ആഴത്തിലുള്ള വിശ്വാസവും പരിശുദ്ധാത്മ വരവും വേണം, അങ്ങനെയുള്ള പരിശോധനയിൽ അന്യ-ഭാഷക്കാർ പരാജയപ്പെടുന്നു. അന്യഭാഷ-സംസാരിക്കുവാൻ കഴിയുമെന്ന് പറയുന്നവർ കേട്ടിട്ടില്ലാത്തതും, പഠിച്ചിട്ടില്ലാത്തതും, അത്ഭുത അടയാളമായിട്ടുള്ളതുമായ ഭാഷ അവർക്ക് സംസാരിക്കുവാൻ കഴിയുന്നില്ലെങ്കിൽ അപ്പൊസ്തലന്മാർ ചെയ്തതുപോലെ അവർക്ക് സാധ്യമല്ല. പെന്തെകൊസ്തുനാളിൽ സംസാരിച്ച അന്യ-ഭാഷ നിന്നുപോയി; അല്ലെങ്കിൽ അന്യഭാഷ-സംസാരിക്കുന്നു എന്ന് അവകാശപ്പെടുന്നവർ ഏതു രാജ്യത്ത് ചെന്നാലും അവിടെയുള്ള ഭാഷ പഠിക്കാതെ സംസാരിക്കുവാൻ കഴിയണം. പ്രാസംഗികന് അറിയാത്ത ഭാഷയിൽ സംസാരിക്കുവാനുള്ള കഴിവ് നൽകുവാൻ പരിശുദ്ധാത്മാവിന് ഇന്നും കഴിയും, എന്നാൽ അതു കേൾക്കുന്നവർക്കു മനസിലാകുന്നതായിരിക്കണം. അപ്പൊസ്തലന്മാരെ ആളുകൾ പകർത്തുന്നില്ലെങ്കിൽ, അത്തരം ഭാഷ നിന്നുപോയി എന്നു സ്പഷ്ടമായി പറയാം.

അന്യഭാഷ സംസാരിക്കുന്ന സഭകളിൽ പലപ്പോഴും സ്ത്രീകൾ സംസാരിക്കുന്നു-മിക്കപ്പോഴും പുരുഷന്മാരേക്കാളധികം - സ്ത്രീകളാണ് അന്യ - ഭാഷ സംസാരിക്കുന്നത്. പൗലൊസ് എഴുതി, "വിശുദ്ധന്മാരുടെ സർവ്വ സഭകളിലുമെന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്ക് അനുവാദമില്ല" (1 കൊരിന്ത്യർ 14:34, 35). നിർബ്ബന്ധമായി സ്ത്രീകൾ സംസാരിക്കരുത് കാരണം "പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴടങ്ങിയിരിക്കുന്നു" (1 കൊരിന്ത്യർ 14:32). പൗലൊസ് എഴുതിയത് കർത്താവിന്റെ കല്പനയാകുന്നു (1 കൊരിന്ത്യർ 14:37).

ഒരു ഇടവകയിലെ എല്ലാവരും വ്യാഖ്യാനിയില്ലാതെ അന്യഭാഷയിൽ സംസാരിക്കുകയാണെങ്കിൽ അവിടെയുള്ള അവിശ്വാസി മനസിലാകാതെ അവർക്ക് ഭ്രാന്താണെന്ന് വിചാരിക്കും (വാ.23). കേൾക്കുന്നവർക്ക് മനസിലാകുന്ന വിധത്തിൽ പ്രവചിക്കുന്നവർ ഓരോരുത്തരായി പ്രവചിക്കുന്നതാണ് ശരി (വാ.24, 31). അന്യഭാഷ സംസാരിക്കുന്നവർ ഏറിയാൽ രണ്ടോ മൂന്നോ പേർ ആയിരിക്കണം, അവർ ഓരോരുത്തരായി സംസാരിക്കയും വ്യാഖ്യാനിക്കയും വേണം. വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതിരിക്കണം (1 കൊരിന്ത്യർ 14:27, 28).

പൗലൊസ് പറഞ്ഞതനുസരിച്ച് വരങ്ങളിൽ വെച്ച് കുറഞ്ഞതായിരുന്നു അന്യ-ഭാഷാവരം (1 കൊരിന്ത്യർ 14:5). അതുപോലെ വരങ്ങളുടെ ലിസ്റ്റിൽ ഏറ്റവും ഒടുവിലാണ് ഭാഷാ-വരവും വ്യാഖ്യാനവരവും രേഖപ്പെടുത്തിയിരിക്കുന്നത് (1 കൊരിന്ത്യർ 12:10, 30). വരങ്ങളുടെ പ്രാധാന്യമനുസരിച്ച് ക്രമമായി പറഞ്ഞശേഷം, പൗലൊസ് പ്രബോധിപ്പിച്ചു, "ശ്രേഷ്ഠവരങ്ങളെ വാഞ്ഛിപ്പിൻ" (1 കൊരിന്ത്യർ 12:31). പിന്നെ അവൻ 1 കൊരിന്ത്യർ 13-ൽ അതി ശ്രേഷ്ഠമായ വഴി സ്നേഹമാണെന്ന് പറഞ്ഞിരിക്കുന്നു.

### അന്യ-ഭാഷ എപ്പോൾ നില്ക്കണമായിരുന്നു?

"അന്യ-ഭാഷ നിന്നു പോകുമോ?" എന്നതല്ല ചോദ്യം, എന്നാൽ "എപ്പോഴാണ് അന്യ-ഭാഷ നിന്നുപോകുന്നത്?" അന്യ-ഭാഷ സംസാരിക്കുന്നത് നിന്നുപോകുമെന്ന് ഒന്ന് കൊരിന്ത്യർ 13:8 വ്യക്തമായി പറയുന്നു.

ആത്മാവിന്റെ വരങ്ങളേക്കാൾ വലുതാണ് സ്നേഹമെന്ന് പൗലൊസ് 1 കൊരിന്ത്യർ 13-ൽ പറഞ്ഞു (1 കൊരിന്ത്യർ 12:31). അതിന് അവന്റെ കാരണങ്ങൾ താഴെ കൊടുക്കുന്നു: (1) സ്നേഹമില്ലെങ്കിൽ അന്യഭാഷ വെറും ശബ്ദം മാത്രമാണ് (വാ.1). (2) സ്നേഹമില്ലെങ്കിൽ ദൈവികമായി ലഭിച്ച വിശ്വാസവും ജ്ഞാനവും ഒന്നുമല്ല (വാ.2). (3) സ്നേഹമില്ലെങ്കിൽ തനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും രക്തസാക്ഷിയായാലും ഒന്നുമല്ല (വാ.3). (4) സ്നേഹമോ നിലനിൽക്കും, എന്നാൽ അത്ഭുതവരങ്ങളോ നിന്നുപോകും (വാ.8, 13).

പൂർണ്ണമായതു വരുമ്പോൾ പ്രവചനവും, അന്യ-ഭാഷയും, ജ്ഞാനവും നിന്നുപോകും (1 കൊരിന്ത്യർ 13:8-10). വിശദീകരണത്തിൽ, പൗലൊസ് തന്നെ സഭയുടെ ശൈശവാവസ്ഥയോട് താരതമ്യപ്പെടുത്തിയിട്ടുണ്ട്. പൗലൊസ് ശിശുവായിരുന്നപ്പോൾ കളിപ്പാട്ടങ്ങൾ ഉപയോഗിക്കയും വലുതായപ്പോൾ ഉപേക്ഷിക്കയും ചെയ്തതുപോലെയായിരുന്നു ആ വരങ്ങൾ. (1 കൊരിന്ത്യർ 13:11). അവൻ പിന്നെ പറഞ്ഞു, ഒരാൾ കണ്ണാടിയിൽ തന്റെ മുഖം നോക്കുന്നതുപോലെ ആയിരുന്നു ആ വരങ്ങൾ, അതിൽ വ്യക്തമായ രൂപം അക്കാലത്ത് നൽകിയിരുന്നില്ല. മുഖാമുഖമായി കാണുന്നതും കണ്ണാടിയിൽ അവ്യക്തമായി കാണുന്നതും അവൻ അവിടെ താരത്യം ചെയ്യുന്നുണ്ട്. സഭയുടെ ശൈശവപ്രായത്തിൽ അത്ഭുതകരമായ ആത്മിയ വരങ്ങൾ ആവശ്യമായിരുന്നെങ്കിലും സഭ ആത്മിയ പക്വതയിലെത്തുവാൻ ആവശ്യമായതെല്ലാം നല്കി കഴിഞ്ഞപ്പോൾ പിന്നെ ആ വരങ്ങളുടെ ആവശ്യമില്ല.

''പൂർണ്ണമായത്'' എന്നതിന്റെ അർത്ഥം (ടെലിയോസ്;[5] 1 കൊരിന്ത്യർ 13:10) ആ വേദഭാഗം മനസിലാക്കുവാൻ പ്രാധാന്യമുള്ളതാണ്. ഇന്ന് നാം "പൂർണ്ണത" എന്ന വാക്ക് ചിലപ്പോൾ ഉപയോഗിക്കുന്നതു

പോലെ “തെറ്റില്ലാത്ത” എന്ന അർത്ഥം അതിനില്ല, പകരം, അവസാനം എത്തി, അല്ലെങ്കിൽ മുഴുവൻ വളർച്ചയെത്തി - “പൂർണ്ണമായി” തീർന്നു എന്നാണ് (മത്തായി 19:21; കൊലൊസ്യർ 1:28) അല്ലെങ്കിൽ “പക്വതയിലെത്തി” (1 കൊരിന്ത്യർ 2:6; 14:20; എഫെസ്യർ 4:13; എബ്രായർ 5:14).

സഭയുടെ വളർച്ചക്ക് ആവശ്യമായതെല്ലാം നൽകുക എന്നതായിരുന്നു വരങ്ങളുടെ ഉദ്ദേശം. ഇതു സാധ്യമാക്കുവാൻ പല സഹായങ്ങളും നൽകിയിരുന്നു (എഫെസ്യർ 4:11-13). പക്വതയിലെത്തുന്നതിനുപകരം കൊരിന്തിലുള്ളവർ ആത്മിയ ശിശുക്കളായി തന്നെ കഴിഞ്ഞു (1 കൊരിന്ത്യർ 3:1, 2). അവരുടെ ആത്മിയവരങ്ങളുടെ ഫലം കൊയ്യുവാൻ അവർക്ക് കഴിഞ്ഞില്ല.

അത്ഭുതവരങ്ങൾ സിദ്ധിച്ചവർ ആത്മിയമായി ഉയർന്നവരായി എന്നു തോന്നുന്നുവെങ്കിൽ ആ വരങ്ങൾ ആത്മിയമായി അവസാനിക്കുന്നതല്ല എന്നും അതു ശൈശവസഭക്ക് വളരുവാനുള്ള താങ്ങ് മാത്രമാണന്നും അവർ തിരിച്ചറിയണം. ക്രിസ്ത്യാനിക്ക് പക്വതയിലെത്തുവാനാവശ്യമായതെല്ലാം കിട്ടിക്കഴിഞ്ഞാൽ വരങ്ങൾ നിന്നുപോകും.

ക്രിസ്തീയ വളർച്ചയും അഭിവൃദ്ധിയും വചനത്തെ ആശ്രയിച്ചാണിരിക്കുന്നത്. (1 പത്രൊസ് 2:2), വചനത്താലാണ് ആളുകൾ യേശുവിനെ അറിയുന്നതും (2 പത്രോസ് 3:15-18) അവന്റെ സ്വഭാവത്തിൽ വളരുവാൻ ശ്രമിക്കുന്നതും (എഫെസ്യർ 4:13). വെളിപ്പെടുത്തുന്ന വരങ്ങളാൽ (പ്രവചനവും, അന്യ-ഭാഷയും, പരിജ്ഞാനവും) വചനം പൂർണ്ണമായി ലഭിക്കുന്നതുവരെ സഭ ദൈവപരിജ്ഞാനത്തിന്റെ പക്വതയിലെത്തിയിരുന്നില്ല.

ആ വരങ്ങളിൽകൂടെ ദൈവത്തിന്റെ എല്ലാ വെളിപ്പാടുകളും നൽകികഴിഞ്ഞപ്പോൾ, സഭക്ക് പൂടർണ്ണതയിലെത്തുവാനാവശ്യമായതെല്ലാം ലഭിച്ചു. ആ സമയം വന്നപ്പോൾ, വളിപ്പെടുത്തുന്ന വരങ്ങൾ നിന്നുപോകും. അതു സംഭവിച്ചത് പുതിയനിയമ ചട്ടങ്ങൾ പൂർത്തിയാക്കിയപ്പോഴാണ്. അതു മുതൽ, പുതിയ പ്രവചനമോ, ദൈവം പകരുന്ന ജ്ഞാനമോ, അന്യ-ഭാഷ മുഖാന്തരമുള്ള വെളിപ്പാടോ ആവശ്യമില്ല. സഭയുടെ പൂർണ്ണമായ വളർച്ചക്ക് ആവശ്യമായതെല്ലാം വെളിപ്പെടുത്തി കഴിഞ്ഞതുകൊണ്ട് “ദൈവത്തിന്റെ മനുഷ്യൻ സകല സർപ്രവൃത്തിയിലും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് തിരുവെഴുത്ത് മതിയായതാണ്” (2 തിമൊഥെയൊസ് 3:17).

തിരുവെഴുത്തു വെളിപ്പെടുത്തൽ പൂർണ്ണമായി എന്ന് പൗലൊസിന് താൻ 2 തിമൊഥെയൊസ് 3:16, 17 എഴുതിയപ്പോൾ വിശ്വസിക്കേണ്ട ആവശ്യമില്ലായിരുന്നു. അവൻ അതു എഴുതിയപ്പോഴേക്കും പഴയതും പുതിയതുമായ എല്ലാ തിരുവെഴുത്തും ആ സമയത്തും, അതിനു മുൻപും, അതിനുശേഷവും പൂർത്തിയായതായി അവന്റെ പ്രസ്താവന തെളിയിക്കുന്നു. നമുക്ക് ആവശ്യമുള്ള എല്ലാ സത്യവും പൗലൊസിന്റെ വാക്കുകളിൽ ഉൾപ്പെടുന്നു.

പൗലൊസ് പറഞ്ഞു, “അംശമായി മാത്രം നാം അറിയുന്നു, അംശമായി മാത്രം നാം പ്രവചിക്കുന്നു” (1 കൊരിന്ത്യർ 13:9). അതിൽ “അന്യഭാഷയും” അടങ്ങുന്നു കാരണം അതിൽകൂടെയാണ് “പ്രവചനവും” “ജ്ഞാനവും” നൽകിയിരുന്നത് (1 കൊരിന്ത്യർ 14:6).

ആ സമയം വരെ നൽകിയ വെളിപ്പാട് അംശമായിരുന്നു. അവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് *മെരസ്* എന്നാണ്. “മുഴുവൻ എന്നതിന് വിപരീതമായി, “ഭാഗം,” “അപൂർണ്ണമായ” എന്നാണ് അർത്ഥം.[6] മെരസ് എന്ന വാക്ക് ലൂക്കൊസ് 11:36; 15:12; യോഹന്നാൻ 19:23; പ്രവൃത്തികൾ 5:2.

അംശമായിരുന്നതു പൂർണ്ണമാകുന്ന ഒരു സമയം വരും; അപ്പോൾ അംശമായതു നീങ്ങിപ്പോകും. പ്രവചനവും, ദൈവികജ്ഞാനവും, അന്യ - ഭാഷയും എല്ലാം അവയുടെ ഉദ്ദേശം നിറവേറ്റി കഴിയുമ്പോൾ - ആ വരങ്ങളെല്ലാം നീങ്ങിപ്പോകും.

"അംശമായതും" "പൂർണ്ണമായതും" (തികവുള്ളത്) തമ്മിൽ വ്യത്യാസം ഉണ്ട്. അംശമായത് ജ്ഞാനവും പ്രവചനവും വെളിപ്പെടുത്തിയെങ്കിൽ (1 കൊരിന്ത്യർ 13:9) പിന്നെ "അംശമായിരുന്നത്" പൂർത്തിയാക്കുന്നതാണ് "പൂർണ്ണമായത്," അതായത്, പൂർണ്ണമായ ജ്ഞാനവും പ്രവചനവും. സ്വർഗം, പൂർത്തിയാക്കിയ അവസ്ഥ, യേശുവിന്റെ വരവ്, സ്നേഹം എന്നിവ പരിഗണനയിൽ വരുന്നില്ല.

1 കൊരിന്ത്യർ 13:1–8 ൽ പൗലൊസ് സ്നേഹത്തെ കുറിച്ച് ചർച്ച ചെയ്തുവെങ്കിലും, അതു വരങ്ങളെ പ്രതിപാദിക്കുന്ന സന്ദർഭത്തിലാണ് (1 കൊരിന്ത്യർ 12–14), ആ വിഷയത്തിലേക്ക് അവൻ വാക്യം 8-ൽ മടങ്ങി വരുന്നുണ്ട്. സഭയിൽ സ്നേഹത്തിന്റെ വർദ്ധനവോടുകൂടിയല്ല വരങ്ങൾ നിന്നുപോകുന്നത്. കാരണം അവ സഭക്ക് ആവശ്യമുള്ളതെല്ലാം നൽകേണ്ട ഉത്തരവാദിത്തം നിറവേറ്റി.

ദൈവവചനം പൂർണ്ണമായി ഭരമേൽപിച്ചുകഴിഞ്ഞ്, അത്ഭുതങ്ങളാലും അടയാളങ്ങളാലും അത് ഉറപ്പിച്ചു (മർക്കൊസ് 16:20; പ്രവൃത്തികൾ 14:3; എബ്രായർ 2:3, 4), അന്യ-ഭാഷയടക്കം (1 കൊരിന്ത്യർ 14:22). വെളിപ്പാട് നീങ്ങിപോയപ്പോൾ, അത്ഭുതങ്ങളും അടയാളങ്ങളും നീങ്ങി, കാരണം അവയുടെ ഉദ്ദേശം നിറവേറ്റികഴിഞ്ഞു.

**ഉപസംഹാരം**

ചില സന്ദർഭത്തിൽ, വചനം വെളിപ്പെടുത്തുവാൻ അവിശ്വാസിക്ക് അടയാളമായി ദൈവം ഭാഷകളെ ഉപയോഗിച്ചിരുന്നു (പ്രവൃത്തികൾ 2:11; 10:46; 1 കൊരിന്ത്യർ 14:6, 22). കേൾവിക്കാർക്ക് മനസിലാക്കുവാനും ആത്മിയവർദ്ധന വരുത്തുവാനുമായി വ്യാഖ്യാനി ഇല്ല എങ്കിൽ പഠിപ്പില്ലാത്തവർക്കിടയിൽ അത്തരം ഭാഷകൾ ഉപയോഗിച്ചിട്ടില്ല (1 കൊരിന്ത്യർ 14:16). അന്യ-ഭാഷയും മറ്റു വരങ്ങളും അവയുടെ ഉദ്ദേശം നിറവേറ്റി കഴിഞ്ഞപ്പോൾ, അവ നിന്നുപോയി.

ജിമ്മി ലിവിഡൻ തന്റെ ഗ്ലോസോലാലിയ: ദൈവത്തിൽനിന്നോ അതോ മനുഷ്യനിൽനിന്നോ? എന്ന പുസ്തകത്തിൽ, താഴെ കാണുന്ന തലവാചകങ്ങൾ ഉപയോഗിച്ചിട്ടുണ്ട്: "വരത്തിന്റെ ആവശ്യം നിന്നുപോയി," "വരം ലഭിക്കുവാനുള്ള വഴിയും നിന്നുപോയി," "വരങ്ങൾ അവസാനിക്കുമെന്നു പൗലൊസ് മുന്നറിയിച്ചു."[7] അന്യ-ഭാഷയും മറ്റുവരങ്ങളും നിന്നുപോയെന്ന് ആ ആശയങ്ങളെല്ലാം ബോധ്യമാക്കുന്നു.

ദൈവവചനം പൂർണ്ണമായി വെളിപ്പെടുത്തുകയും ഉറപ്പിക്കയും ചെയ്തതുകൊണ്ട് ഇനി അടയാളത്തിന്റെ ആവശ്യമില്ല (മർക്കൊസ് 16:20). കൈവെപ്പിനാൽ അത്ഭുതവരങ്ങൾ നൽകുവാൻ ഇന്ന് അപ്പൊസ്തലന്മാർ ആരും ജീവിച്ചിരിപ്പില്ല (പ്രവൃത്തികൾ 8:14–18; 19:6). വരങ്ങൾ നിന്നുപോകുമെന്ന് പൗലൊസ് പറയുകയും (1 കൊരിന്ത്യർ 13:8–10), കൈവെപ്പ് നടത്തിയിരുന്ന അവസാനത്തെ അപ്പൊസ്തലനും മരിച്ചതോടെ അതു സംഭവിക്കയും ചെയ്തു.

കുറിപ്പുകൾ

[1]ഒരവസരത്തിൽ, ബിലെയാമിന്റെ "ഉരിയാടാകഴുതയുടെ വായ് യഹോവ തുറക്കുകയും," കഴുത സംസാരിക്കയും ചെയ്തു (സംഖ്യാപുസ്തകം 22). [2]കൂടാതെ, ലൂക്കൊസ് 1:64; 16:24; പ്രവൃത്തികൾ 2:26; റോമർ 3:13; 14:11; 1 കൊരിന്ത്യർ 14:9; ഫിലിപ്പിയർ 2:11; യാക്കൊബ് 1:26; 3:5, 6, 8; 1 പത്രൊസ് 3:10; 1 യോഹന്നാൻ 3:18; വെളിപ്പാട് 16:10 നോക്കുക. [3]മത്തായി 1:23; മർക്കൊസ് 15:22, 34; ലൂക്കൊസ് 24:27; യോഹന്നാൻ 1:38, 41, 42; 9:7; പ്രവൃത്തികൾ 4:36; 9:36; 13:8; 1 കൊരിന്ത്യർ 12:10, 30; 14:5, 13, 26, 27, 28; എബ്രായർ 7:2 നോക്കുക. [4]ഫ്രെഡ് ഫിഷർ, *കമെന്ററി ഓൺ 1 ആന്റ് 2 കൊരിന്ത്യൻസ്* (വാക്കോ ടെക്സ്.: വേഡ് ബുക്ക്സ്, 1975), 220. [5]"ഇംഗ്ലീഷിൽ, പലപ്പോഴും പെർഫെക്ട് എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്; ഗ്രീക്ക് വാക്കിന്റെഅർത്ഥം പക്വത, പൂർണ്ണത, മുഴുവനും എന്നാണ്." (റോബർട്ട്. ജി. ബ്രാച്ചർ, എ ട്രാൻസ്ലേറ്റേഴ്സ് ഗൈഡ് ടു പോൾസ് *ഫസ്റ്റ് ലെറ്റർ ടു ദ കൊരിന്ത്യൻസ്* [ന്യുയോർക്ക്.: യുണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1982] 128). [6]വാൾട്ടർ ബാവർ, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 2 എഡി., റെവ, വില്യം എഫ്. ആണ്ട്. എഫ്. വിൽബർ ജിഞ്ച്റിച്ച്, ആന്റ് ഫ്രെഡറിക് ഡബ്ലിയു. ഡങ്കർ (ഷിക്കാഗോ, Il.: യൂണിവേർസിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 1979), 506. [7]ജിമ്മി ജിവിഡൻ, *ഗ്ലൊസോലാലിയ*: ദൈവത്തിൽനിന്നോ മനുഷ്യനിൽനിന്നോ? (ഫോർട്ട്വർത്ത്, ടെക്സ്.: സ്റ്റാർ ബൈബിൾ പബ്ലിക്കേഷൻസ്, 1971), 144–47.